# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **08.06.2015-ൽ മറുപടിക്ക്**

**ചോദ്യം നം. 141**

## മത്സ്യത്തൊഴിലാളിക്ഷേമത്തിനും കടാശ്വാസത്തിനും മിഷൻ 676 പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.ഡി.സതീശൻ<br>" പി.എ. മാധവൻ<br>" വി.റ്റി. ബൽറാം<br>" ബെന്നി ബെഹനാൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മിഷൻ 676- ൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളിക്ഷേമത്തിനും കടാശ്വാസത്തിനും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമം മുൻനിർത്തിയുള്ള പദ്ധതികൾ മിഷൻ 676 ൽ ഉൾപ്പെടുത്തി യിട്ടുണ്ട്. എന്നാൽ കടാശ്വാസവുമായി ബന്ധപ്പെട്ട പദ്ധതികൾ മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | 1.മത്സ്യത്തൊഴിലാളികൾക്കുള്ള ആം ആദ്മി ബീമാ യോജനാ പദ്ധതി.<br>2.പ്രസവാനന്തര ചെലവിനായി അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് നൽകുന്ന ധനസഹായം മത്സ്യത്തൊഴിലാളി സ്ത്രീകൾക്കു കൂടി ലഭ്യമാക്കുന്ന പദ്ധതി.<br>3.മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകി വരുന്ന വിവിധ ധനസഹായങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കുക.<br>4. മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണം<br>5. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എൻട്രൻസ് പരിശീലനം.<br>6. മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം.<br>7. സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിൻ വിതരണം. |
| (സി) | പദ്ധതികളെ സംബന്ധിച്ചിട്ടുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | മത്സ്യത്തൊഴിലാളി ക്ഷേമ മേഖലയിൽ പ്രവർത്തിച്ചു വരുന്ന മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളുമായി കൂടിയാലോചിച്ചാണ് മിഷൻ 676 ൽ ഉൾപ്പെടു ത്തി യ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) | 1. മത്സ്യത്തൊഴിലാളികൾക്കുള്ള ആം ആദ്മി ബീമാ യോജനാപദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ഇതിന്റെ പോളിസി കാലാവധി 11.4.15 മുതൽ 10.4.16 വരെയാണ് .<br>2. തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന പ്രസവ ശുശ്രൂഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ മത്സ്യ അനുബന്ധ മേഖലയിലും നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്.<br>3. മത്സ്യത്തൊഴിലാളി ക്ഷേമനിധി |

| | | | |
|---|---|---|---|
| | | | ബോർഡ് നടപ്പിലാക്കുന്ന ധനസഹായ പദ്ധതികളുടെ നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>4. 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന സംസ്ഥാനത്തെ 68 മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പുതിയ വീടുകൾ നിർമ്മിക്കുന്നതിന് 562 പേർക്കും, നിലവിലെ വീടുകളുടെ അറ്റകുറ്റ പണിയ്ക്കായി 904 പേർക്കും ധനസഹായം നൽകി വരുന്നു. കോളനികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ വഴി ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നു.<br>5. മത്സ്യത്തൊഴിലാളി കുട്ടികൾക്ക് എൻട്രസ് കോച്ചിംഗ് നൽകുന്നതിനാ യുള്ള വിദ്യാതീരം പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായുള്ള ഫണ്ട് 2405-00-800-92-12 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടു ണ്ട്.<br>6. മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു തിരുവന ന്തപുരം , ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ എഞ്ചിനുകളുടെ എണ്ണത്തിന് അനുസൃതമായി 2 ബങ്കുകൾ വീതവും മറ്റ് ആറ് തീരദേശ ജില്ലകളിലായി ഓരോ ബങ്കും സ്ഥാപിക്കാൻ അനുമതി നൽ കിയിട്ടു ണ്ട്. പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിനായി ഫിഷറീസ് വകുപ്പിൻെറയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൻെറയും ഉടമസ്ഥതയി ലുള്ള നിർദ്ദിഷ്ട സ്ഥലങ്ങൾ മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുന്നതിന് മത്സ്യഫെഡിന് അനുമതി നൽ കിയിട്ടു ണ്ട്. 6 ബങ്കുകളുടെ നിർമ്മാണം പൂർത്തികരി ച്ചിട്ടു ണ്ട്.<br>7. 100 ഡീസൽ എഞ്ചിനുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടു ണ്ട്. ഇതുവരെ 12 ഡീസൽ എഞ്ചിനുകൾ മത്സ്യത്തൊഴിലാളി കൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടു ണ്ട്.<br>സമയബന്ധിതമായി പദ്ധതികൾ പൂർത്തീ കരിക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ടി പദ്ധതികളുടെ നടത്തിപ്പിൻെറ മോണിറ്ററിംഗ് നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ